## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3204 — 20.12.2012-ലെ മറുപടിക്ക്

### തദ്ദേശ ഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.കെ.എസ്. സലീഖ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിലെ എത്ര തസ്തികകൾ തദ്ദേശഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച് ഉത്തരവിറക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.38/08/പൊ.മ.വ, തീയതി 08/09/08 പ്രകാരം സാങ്കേതിക വിഭാഗത്തിലെ 851 ഉം മിനിസ്റ്റീരിയൽ വിഭാഗത്തിലെ 564 ഉം തസ്തികകൾ ഉൾപ്പടെ ആകെ 1415 തസ്തികകൾ പൊതുമരാമത്തു വകുപ്പിൽ അധികമാണെന്ന് കണ്ടെത്തി പ്രസ്തുത തസ്തികകൾ തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് പുനർവിന്യാസം ചെയ്തു. |
| (ബി) | ഇതു സംബന്ധമായി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ്സുകൾ നിലവിലുണ്ടോ; ട്രിബ്യൂണൽ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | അധികാര വികേന്ദ്രീകരണ സമിതി പൊതുമരാമത്ത് വകുപ്പിൽ അധികമെന്നു കണ്ടെത്തിയ 564 മിനിസ്റ്റീരിയൽ ജീവനക്കാരെ 20.01.12-ലെ സ.ഉ. (കൈ) നമ്പർ.09/2012/പൊ.മ.വ., 21.02.12-ലെ സ.ഉ.(കൈ) നമ്പർ.25/2012/ പൊ.മ.വ എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച് ഉത്തരവായി. ഈ ഉത്തരവുകൾക്കെതിരെ 20-ഓളം കേസുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.05.12-ലെ പൊതു ഉത്തരവ് പ്രകാരം ജീവനക്കാരെ പുനർവിന്യസിച്ച സർക്കാർ നടപടിയെ സാധൂകരിച്ച് ടി കേസുകൾ തീർപ്പാക്കുകയുമുണ്ടായി. പ്രസ്തുത വിധിന്യായം പാലിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ. (സാധാ) നമ്പർ. 1814/12/ പൊ.മ.വ., തീയതി: 27.10.12 ഉത്തരവിനെതിരായി 4-ഓളം കേസുകൾ |

| | | | |
|---|---|---|---|
| | | | ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയവ ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. ഇതിനു പുറമേ തദ്ദേശസ്വയംഭരണ വകുപ്പിൽ താൽക്കാലികമായി പുനർവിന്യസിച്ചിരുന്ന 4-ഓളം ജീവനക്കാർ തങ്ങളുടെ താൽക്കാലിക പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ തങ്ങളെ മാതൃവകുപ്പിൽ തിരികെ നിയമിക്കണം എന്നാവശ്യപ്പെട്ട് കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ആയത് ബഹു. ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്. |
| (സി) | ട്രിബ്യൂണൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | ഒ.എ. നമ്പർ.144/2012 കേസിലെ 25.05.2012-ലെ ട്രൈബ്യൂണൽ ഉത്തരവിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു. 1997-ലെ അധികാര വികേന്ദ്രീകരണ സമിതി (സെൻ കമ്മിറ്റി) യുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്തുൾപ്പെടെയുള്ള വകുപ്പുകളിൽ അധികമെന്നു കണ്ടെത്തിയ തസ്തികകൾ ഇല്ലാതാക്കി പുനർവിന്യാസം ചെയ്യുവാൻ മന്ത്രിസഭയുടെ അനുമതിയോടെ തീരുമാനിക്കുകയുണ്ടായി. ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ഈ വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | പുനർവിന്യാസം നടത്തിയത് എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ പ്രസ്തുതമാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ ? | (ഡി) | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുമരാമത്തു വകുപ്പിൽ ചെയ്തു വന്ന ധാരാളം ജോലികളും ഉത്തരവാദിത്വങ്ങളും തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് മാറ്റം ചെയ്തപ്പോൾ കുറെ തസ്തികകൾ വകുപ്പിൽ അധികമായി. തുടർന്ന് അധികാര വികേന്ദ്രീകരണ സമിതിയുടെ കണ്ടെത്തലുകളും, നിർദ്ദേശങ്ങളും അനുസരിച്ച് പൊതുമരാമത്തു വകുപ്പിൽ നിന്നും 1415 തസ്തികകൾ(ടെക്നിക്കൽ &മിനിസ്റ്റീരിയൽ) നിർത്തലാക്കി. തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക്പുനർ വിന്യാസം ചെയ്യാൻ തീരുമാനമായി. തുടർന്ന് 05.09.2003-ലെ, ജി.ഒ (എം.എസ്)നം.269/03/ത.സ്വ.ഭ.വ., 08.09.2008- ലെ ജി.ഒ (എം.എസ്) നം. 38/08/പൊ.മ.വ, എന്നിവ പ്രകാരം 1415 |

തസ്തികകൾ പൊതുമരാമത്തു വകുപ്പിൽ നിന്നും തദ്ദേശസ്വയം ഭരണ വകുപ്പിലേക്ക് പുനർവിന്യാസം ചെയ്ത് സർക്കാർ ഉത്തരവായി. 01.11.2010 cut off date കണക്കാക്കി ജൂനിയർ മോസ്റ്റായ മിനിസ്റ്റീരിയൽ ജീവനക്കാരെയാണ് തദ്ദേശസ്വയഭരണ വകപ്പിലേയ്ക്ക് പുനർവിന്യാസം നടത്തി ഉത്തരവായിട്ടുള്ളത്.

സെക്ഷൻ ഓഫീസർ